# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 778 28.09.2011 - ൽ മറുപടിക്ക്

## സംസ്ഥാനത്ത് പൂർത്തിയാക്കിയ ചെറുകിട-വൻകിട ശുദ്ധജല പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2001 മുതൽ 2010 വരെ സംസ്ഥാനത്തു എത്ര വൻകിട ചെറുകിട ശുദ്ധ ജല പദ്ധതികൾ പൂർത്തി യാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (എ) | 2001 മുതൽ 2010 വരെ സംസ്ഥാനത്ത് 453 വൻകിട ചെറുകിട ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൈക്ക സഹായത്തോടെ 5 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ തിരുവനന്തപുരം പദ്ധതി 2010 മെയ് മാസത്തിലും മീനാട് പദ്ധതി 2011 ഫെബ്രുവരി മാസത്തിലും ഭാഗികമായി കമ്മീഷൻ ചെയ്തു. |
| (ബി) | ഓരോ വർഷവും ഏതെ ല്ലാം പദ്ധതികളെന്ന് പ്രത്യേകം വിശദമാക്കുമോ; | (ബി) | ഓരോ വർഷവും ഏതെല്ലാം പദ്ധതികളെ ന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് എത്ര പദ്ധ തികളാണ് പണി പൂർത്തീ കരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് 151 പദ്ധതികളാണ് പണി പൂർത്തീകരിക്കാനുള്ളത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിലുള്ള 5 പദ്ധതികളും 2013-ഓടെ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ തിരുവനന്തപുരം പദ്ധതി 2010 മെയ് മാസത്തിലും മീനാട് പദ്ധതി 2011 ഫെബ്രുവരി മാസത്തിലും ഭാഗികമായി കമ്മീഷൻ ചെയ്തു. |
| (ഡി) | 2010-ന് ശേഷം ഏതെല്ലാം പുതിയ പദ്ധതി കൾക്ക് രൂപം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയി ക്കുമോ? | (ഡി) | 2010-11 ബഡ്ജറ്റിലെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട മുന്നിയൂർ, തേഞ്ഞിപ്പാലം, ചേലമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ, തിരൂരങ്ങാടി പഞ്ചായ ത്തിലെ വെന്നിയൂർ പ്രദേശത്തിലേയ്ക്കുള്ള ശുദ്ധ ജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ തുടങ്ങിയ 2 പദ്ധതികൾക്ക് ഈ വർഷം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പണികൾ ആരംഭിക്കുവാ നുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.<br>മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട ബേലൂരും സമീപ വില്ലേജുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയും കൊണ്ടോട്ടി |

നെടിയിരുപ്പ് വില്ലേജുകളിലേക്കുള്ള പദ്ധതിയും മണലൂർ കാരമുക്ക് - ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ പദ്ധതിയും ആരംഭിക്കുന്നതിനു വേണ്ടി ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കൂടാതെ എരുമേലി ശുദ്ധജല വിതരണ പദ്ധതി, ശബരിമലയ്ക്കും പമ്പയ്ക്കും വേണ്ടിയുള്ള പദ്ധതി, മലബാർ കാൻസർ സെന്ററിലേക്കുള്ള ശുദ്ധ ജല വിതരണ പദ്ധതി, എന്നീ പുതിയ പദ്ധതികൾക്ക് 2010-11 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

മുൻ ധനകാര്യമന്ത്രി 2010-11 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് താഴെപ്പറയുന്ന 4 പദ്ധതികളുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വിതുര തൊളിക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
2. കിളിമാനൂർ, പഴയകുന്നുമ്മൽ, മടവൂർ വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി
3. ഫറോക്ക് കറുവന്തുരുത്തി വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി - വിതരണ ശൃംഖല കൂടാതെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ നെഹ്റു ട്രോഫി, പുന്തോപ്പ്, ചാത്തനാട് പ്രദേശങ്ങളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി

ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, നബാർഡ് പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, ജെ.ബി.ഐ.സി സഹായമുള്ള കുടിവെള്ള പദ്ധതി, സാർക്ക് 2009-10, 2010-11 പദ്ധതികൾ തുടങ്ങിയ വാട്ടർ അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2011-12 -ൽ ചേർത്തല, പട്ടുവം എന്നീ ജൈക്ക പദ്ധതികൾ (ഭാഗികം) ഉൾപ്പെടെ ഉദ്ദേശം 18 ലക്ഷത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന 44 വൻകിട പദ്ധതികൾ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2011-12 ലെ ബഡ്ജറ്റിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ താഴെപ്പറയുന്നു.

1. തിരുവനന്തപുരം നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പേപ്പാറ ഡാമിന്റെ റിസർവോയർ ലവൽ ഇപ്പോഴുള്ള 104.5 മീറ്ററിൽ നിന്ന് ആറു മീറ്റർ കൂടി ഉയർത്തുന്ന തിനുള്ള നടപടി.
2. സംസ്ഥാനത്തിന്റെ വിവിധ വാട്ടർ സപ്ലൈ സ്കീമുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്ക് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്..

   ഇതിൽ തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതും ഉൾപ്പെടും.
3. കോട്ടയത്ത് വഴിപ്പറമ്പ് മാതൃമല കുടിവെള്ള പദ്ധതി പ്രദേശത്ത് പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതിലേയ്ക്കായി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
4. ഗ്രാമീണ ജലവിതരണ പദ്ധതി ലക്കട്ടൂരിലേക്ക് വ്യാപിപ്പിക്കുന്നതിന് 26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
5. മലപ്പുറം ജില്ലയിലെ വേങ്ങരയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരു ശുദ്ധജല പദ്ധതി ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ.